

# CHURCH VOICE

**C. S. I. MATEER MEMORIAL CHURCH**

Vol. 18 No. 10-12 Newsletter October-December 2020



## Youth week



Awarding CEYF Education Aid to Ms. Bency M. R.
She is doing final year M.B.B.S.Member of C.S.I. Mukkola Church.



## *Youth Week Convention*









# CHURCH VOICE

18th year of publication

**OCT-DEC 2020**



## Editorial Board

**Chief Editor**

Rev. D. Jacob

**Convenor**
Literary Board & Editor

D. S. Valsa

Rev. Y. Vijayadas

Rev. N. Aji

Rev. N.L. Praveen Raj

P. R. Premakumar
(Sub Editor)

Dr. Thampi Samraj Y. C.

Stanley Wilson

Dr. Samson Nessiah

Dr. Sajitha Sanjeev



**Address**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**Printed at**

**Grace Printers**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| | Bible Study | 05.30 p.m. |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. N. Aji (Presbyter) | | 9495745337 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**ക്രി**സ്തീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും പ്രസക്തിയും കൂടുതൽ ചർച്ച ചെയ്യുന്നത് നവംബർ മാസത്തിലാണല്ലോ! അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ സാംഗത്യവും. ചിലർക്കെങ്കിലും വിദ്യാഭ്യാസം ഉപജീവനത്തിനുള്ള വിദ്യയായും മറ്റുചിലർക്ക് ബാധ്യതയായും പരിണമിക്കുന്നു. എന്നാൽ വിദ്യാഭ്യാസം ജീവിതത്തിന്റെ അർത്ഥം തേടലാണ്. ഒരോ വ്യക്തിയുടെയും നിയോഗത്തെക്കുറിച്ചുള്ള തിരിച്ചറിവാണ്. ജീവിതത്തിന്റെ അർത്ഥം അന്വേഷിക്കാനുള്ള ദൈവീകമായ പരിശ്രമത്തെ ത്വരിതപ്പെടുത്താനാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. അവ സാങ്കേതിക വിദ്യ വിനിമയം ചെയ്യാനുള്ള വെറും കമ്പോളമായി അധഃപതിച്ചാലോ?

മാറ്റങ്ങളുടെ കാലത്താണ് നാം ജീവിക്കുന്നത്. ശാസ്ത്രവും സാങ്കേതിക വിദ്യയും ജീവിതത്തിന്റെ എല്ലാ തലങ്ങളെയും മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നു. പ്രാദേശിക സംസ്ക്കാരങ്ങളെയും ജീവിത രീതികളെയും ആഗോളവൽക്കരണം മാറ്റിമറിക്കുന്നുണ്ട്. ഈ മാറ്റങ്ങളുടെ കുത്തൊഴുക്കിൽ ഉദാത്തമായ മത സാംസ്കാരിക മൂല്യങ്ങൾ പിൻതള്ളപ്പെടുന്നുവോ എന്ന് സംശയിക്കുന്നു. നല്ല മാറ്റങ്ങളെ സ്വാഗതം ചെയ്യുകയും അതേസമയം ഉദാത്തമായ ജീവിത മൂല്യങ്ങളെ കൈവിടാതിരിക്കുകയും ചെയ്യുന്നതാണ് ശരിയായ സമീപനം. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ വെല്ലുവിളി ഈ സമന്വയം സാധ്യമാക്കുക എന്നതാണ്.

**എന്താണ് മൂല്യങ്ങൾ?** വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കുതകുകയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന മനോഭാവങ്ങളും ചിന്താഗതികളും പെരുമാറ്റ രീതികളുമടങ്ങിയതാണ് മൂല്യങ്ങൾ. അവ വ്യക്തിഗതമോ, സാമൂഹികമോ, പാരസ്പര്യമോ ആകാം. വ്യക്തിഗതമായവ സ്വന്തം ജീവിതത്തിൽ വളർത്തേണ്ടതും പരിശീലിക്കേണ്ടതുമാണ്. ദൈവീകബന്ധം, ദൈവാശ്രയം, മര്യാദ, സത്യസന്ധത, ശുചിത്വം, കൃത്യനിഷ്ഠ എന്നിവ വ്യക്തിഗത മൂല്യങ്ങളാണ്. മനുഷ്യസമൂഹവുമായുള്ള ബന്ധത്തിൽ വളർത്തേണ്ടവയാണ് സാഹോദര്യം, ക്ഷമ, മതസഹിഷ്ണുത, കാരുണ്യം, നീതിബോധം, സമത്വം. സൗഹൃദം, ബഹുമാനം, കൃതജ്ഞത, ക്ഷമ,, സഹിഷ്ണുത മുതലായവ പാരസ്പരിക മൂല്യങ്ങളാണ്.വിദ്യാർത്ഥികൾ മേല്പ്പറഞ്ഞ മൂല്യങ്ങൾ സ്വന്തമാക്കി പ്രാവർത്തികമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് അദ്ധ്യാപകരാണ്. പുറത്തുനിന്ന് പഠിപ്പിക്കുക എന്നതിലുപരി ഉള്ളിൽ നിന്ന് സ്വാംശീകരിച്ചെടുക്കേണ്ടവയാണ് മൂല്യങ്ങൾ. ഉപദേശം കൊണ്ടോ പ്രസംഗംകൊണ്ടോ അല്ല, മൂല്യങ്ങൾ അനുഭവമായിത്തീരണം വിദ്യാർത്ഥികൾക്ക്.

**മൂല്യബോധനത്തിലൂടെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്:**

1. ഉറച്ച ജീവിത ബോധ്യങ്ങൾ ഉണ്ടാവുകയും, ദിശാബോധം കൈവരികയും

ചെയ്യുന്നു. 2. ആത്മബോധം വളരുകയും അതുവഴി ജീവിതത്തോട് സത്യസന്ധത ഉണ്ടാവുകയും ചെയ്യുന്നു. 3. സർഗ്ഗാത്മകമാകുന്നു. 4. സ്വന്തം ജീവിതരീതികളെ വിമർശനാത്മകമായി വിലയിരുത്തുന്നു. 5. ആത്മീയ ശക്തിയോടും തനിമയോടും കൂടെ ജീവിക്കാൻ പ്രചോദനം ലഭിക്കുന്നു. 6. ശരിയായ തീരുമാനങ്ങൾ എടുക്കാനും, ശരിയായ കാരണങ്ങളാൽ ശരിയായതുമാത്രം തെരഞ്ഞെടുക്കാനുള്ള വിവേചന ബുദ്ധി വളർത്താൻ സഹായകമാകുന്നു. അങ്ങനെ ജീവിച്ച ഗുരുനാഥനായ കർത്താവായ യേശുക്രിസ്തു അരുളിചെയ്യുന്നു: ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വചനം കേട്ട് ചെയ്യുന്ന ശിഷ്യർക്കു മാത്രമേ വിദ്യാഭ്യാസം വിജയമായി പരിണമിക്കുന്നുള്ളൂ. കർത്താവിന്റെ പാദപീഠത്തിലിരുന്ന് പഠിക്കാനും അടിസ്ഥാനമുള്ള വിദ്യ അഭ്യസിക്കാനും ആർജ്ജിച്ചതിലുമപ്പുറം പോകാനും ജീവിതയാത്രയിൽ ദൈവം സഹായിക്കട്ടെ. എല്ലാവർക്കും ആഗമനകാലത്തിന്റെ നന്മയും സന്തോഷവും ആശംസിക്കുന്നു.

സ്നേഹാദരവുകളോടെ,
ജേക്കബ്ബച്ചൻ



## പ്രതിവാരധ്യാനം ഡിസംബർ 2020

**ഡിസം. 6 – ആഗമനകാലം 1–ാം ഞായർ വേദപുസ്തകഞായർ**
**വിഷയം: ദൈവവചനം : പാതയ്ക്ക് പ്രകാശം**
യെശ. 55:6-13, ഗലാ. 1:11-17, സങ്കീ. 119:105-112, ലൂക്കൊസ് 1:67-80

**ഡിസം. 13 – ആഗമനകാലം 3–ാം ഞായർ**
**വിഷയം : രക്ഷയുടെ പ്രത്യാശ**
സെഫ. 3:14-20, 2 പത്രൊ. 3:8-13, സങ്കീ 43, മത്തായി 1:18-25

**ഡിസം. 20 – ആഗമനകാലം 4–ാം ഞായർ**
**വിഷയം: ആനന്ദിക്കുക, കർത്താവ് സമീപസ്ഥൻ**
സെഖ. 2:6-13, 1 തെസ്സ 5:12-24, സങ്കീ 50;1-15, യോഹ. 16:16-24

**ഡിസം. 24 – ക്രിസ്തുമസ് രാവ്**
**വിഷയം: ദൈവം നമ്മിലേയ്ക്ക് വരുന്നു.**
മീഖ 5:1-9, സങ്കീ. 89:1-4, 19-29, വെളി. 21:1-5, യോഹ. 1:1-14

**ഡിസം. 25 – ക്രിസ്തുമസ്**
**വിഷയം: സമാധാന പ്രഭുവിന് ഇടം കണ്ടെത്തൽ**
യെശ. 9:2-7, എഫെ. 1:3-14, സങ്കീ. 85:8-13, ലൂക്കൊ. 2:1-14

**ഡിസം. 27 – കുടുംബഞായർ**
**വിഷയം : ദൈവത്തിന്റെ സമ്മാനമായ കുടുംബം**
യോശുവ. 24:14-22, സങ്കീ. 128, എഫെ. 3:14-21, മർക്കൊ. 3:31-35

എഡിറ്റോറിയൽ



# ആരാണ് മാതൃക?

**ക**ൽക്കട്ടയിലെ തെരുവുകളിൽ ശുശ്രൂഷ ലഭിക്കാതെ മരണപ്പെടുന്ന മനുഷ്യജീവിതങ്ങളുടെ അവസ്ഥ മനസിലാക്കിയ മദർതെരേസ 1952 ആഗസ്റ്റ് 22-ാം തീയതി നിർമ്മൽ ഹൃദയ് ആരംഭിച്ചു. എന്നാൽ അവിടത്തെ ജനങ്ങളുടെ പരാതിയെത്തുടർന്ന് അന്വേഷണത്തിന് വന്ന പോലീസ് ഓഫീസർ കണ്ടത് അനാഥനായ രോഗിയുടെ മുറിവ് കഴുകി വൃത്തിയാക്കുന്ന മദറിനെയാണ്. ഇത് കണ്ട പോലീസ് ഓഫീസർ ജനങ്ങളോട് പറഞ്ഞു, “മദർ ചെയ്യുന്ന ഈ ജോലി നിങ്ങളുടെ അമ്മമാരും സഹോദരിമാരും ചെയ്താൽ ആ വിദേശവനിതയെ അവിടെ നിന്നും ഓടിച്ചുവിടാം”. ഇത് കേട്ട പരാതിക്കാർ ഒന്നൊന്നായി മടങ്ങിപ്പോയി. ദിവസങ്ങൾ കഴിയുംതോറും മദറിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചുതുടങ്ങി. ഒരു ദിവസം മറ്റുള്ളവരാൽ വെറുക്കപ്പെട്ട ക്ഷയരോഗ ബാധിതനായ ഒരു വ്യക്തി ‘നിർമ്മൽ ഹൃദയ്’ - ൽ എത്തി. മദർ വളരെ സ്നേഹത്തോടെ അദ്ദേഹത്തെ ശുശ്രൂഷിച്ചു. അദ്ദേഹം മദറിനോട് പറഞ്ഞു, “മദറെ, അങ്ങയെ എതിർത്ത് ഇവിടെനിന്ന് ഓടിക്കുവാൻ വന്നവരുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. എനിക്ക് മാപ്പു തരണം.” അപ്പോൾ ആ മനുഷ്യന്റെ ചുമലിൽ തട്ടിക്കൊണ്ട് മദർ പറഞ്ഞു, “സഹോദരാ, ദൈവത്തിന്റെ മുമ്പിൽ ഞങ്ങൾ, നിങ്ങൾ എന്ന വ്യത്യാസം ഇല്ല. നമ്മൾ എന്ന് മാത്രമേ ഉള്ളൂ. ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ച ഒരു വ്യക്തിക്ക് മാത്രമേ ഇത്തരത്തിൽ സംസാരിക്കാൻ സാധ്യമാകൂ.”

ബാല്യവും കൗമാരവും യൗവ്വനവും പലരിലും മാതൃക ദർശിക്കാൻ ശ്രമിക്കുന്ന ഒരു കാലമാണ്. ആധുനിക ലോകത്തിൽ മാതൃകയാവേണ്ട പലരും അധാർമ്മികരായി തീരുന്നു. സാന്ത്വനം ഏകേണ്ട കരങ്ങളിൽ നിന്ന് ദണ്ഡനം ഏൽക്കേണ്ടിവരുന്നു. അപ്പോൾ ക്രിസ്തുവിനെ അവ

രിൽ ദർശിക്കാൻ സാധ്യമാകാതെ വരുന്നു. ഇവിടെ ക്രിസ്തുവിനെ ഉയർത്തുകയല്ല ക്രൂശിക്കയത്രെ ചെയ്യുന്നത്. മാത്രവുമല്ല അനേകർക്ക് ഇടർച്ചയായി മാറുന്നു.

ക്രിസ്തുവിനെ മാതൃകയാക്കിയാൽ മാതൃകാപരമായ ജീവിതം നമുക്കും സാധ്യമാകും. ആഡംബരത്തിലും ഈ ലോകമോഹങ്ങളിലും മുഴുകി ദ്രവ്യാഗ്രഹികളാകാതെ നമുക്ക് മുന്നേറാം.

- മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ച യേശു
- അന്യരുടെ ദുഃഖങ്ങളിൽ പങ്കുകൊണ്ട യേശു
- ശുശ്രൂഷ ആഗ്രഹിക്കാതെ മറ്റുള്ളവരെ ശുശ്രൂഷിച്ച യേശു
- സമൂഹത്തിൽ കരുതലും സഹായവും നല്കിയ യേശു
- രാജ്യത്തോടുള്ള കടമകൾ കൃത്യമായി നിർവ്വഹിച്ച യേശു
- അനീതിയോട് എതിർത്ത യേശു
- വേദനയാണെങ്കിലും ധൈര്യമായി ദൈവഹിതം നിറവേറ്റാൻ തന്നത്താൻ സമർപ്പിച്ച യേശു

ഇതാകട്ടെ നമ്മുടെ മാതൃക

ധാരാളം പ്രശ്നമുഖരിതമായിരുന്നു ഈ വർഷം. അധൈര്യപ്പെട്ടപ്പോൾ ദൈവകരങ്ങൾ നമുക്ക് ധൈര്യമേകി. ബലഹീനതയിൽ നമുക്ക് ശക്തിയേകി. നമുക്ക് നന്ദിയുള്ളവരാകാം. കാലിത്തൊഴുത്തുമുതൽ കാൽവരി വരെ മാതൃകയായ യേശുവിനെ മാത്രം നമുക്ക് മാതൃകയാക്കാം. നമ്മുടെ വാക്ക്, നോട്ടം, ചിന്ത, പ്രവൃത്തി ഇവ മറ്റുള്ളവർക്ക് ഇടർച്ചയാവാതിരിക്കട്ടെ. അങ്ങനെ ക്രിസ്തുമസിന്റെ സന്തോഷം അനുഭവിക്കാം.

പുതിയ തീരുമാനങ്ങളോടെ പുതിയൊരു വർഷത്തെ നമുക്ക് സ്വാഗതം ചെയ്യാം.

സ്നേഹത്തോടെ,

**വത്സ ഡി. എസ്.**

എഡിറ്റർ



**Dear friends in Christ,**

**Greetings in the precious name of our Lord and Saviour Jesus Christ.**

Advent, the preparation for the commemoration of the **birth of Jesus Christ** begin on 29th November 2020 and ends on Thursday 24th December 2020 (Christmas Eve). The Christian community all over the world observe this event with solemnity and joyous expectation. While the whole world suffers due to Corona virus pandemic, commemorating the birth of our Lord Jesus Christ will strengthen our hope and faith.

**1. Church Committee Meetings**

Church Committee meetings were held on 20th September 2020 Sunday, 30th September 2020, 11th October 2020 Sunday and 29th October Thursday and 15th November 2020 Sunday respectively.

**2. Accounts for the months of August and September 2020**

The receipts and payments for the month of August and September 2020 is published at page Nos. 38 to 45 of this issue.

**3. Church Worship Services**

By the grace of God Church Worship services on Sundays have been continued without any break during September, October and November 2020. Online streaming of 9 am Malayalam service was also continued. Similarly morning worship service in week days were also continued.

**4. Annual Harvest Festival 2020**

Church committee has decided to conduct **Annual Harvest Festival 2020** on 12th &13th December 2020 at renovated TJM MM Church Hall. This year's harvest festival proceeds will be earmarked for developing a mission village of CSI Mateer Memorial Church as envisaged in the previous budgets as well as to tide over the present financial urgencies of the Church due to COVID-19. Church committee nominated Dr. Arthur Jacob as the Convenor for organizing this year's Annual Harvest Festival.

**5. Dedication of Renovated TJM MM Church Hall Complex**

Renovated TJM MM Church Hall Complex comprising of Main Hall with A/c, Mini hall with A/c, Foyer, kitchen and toilet block was dedicated on Sunday, the 1st November, 2020 at 12 pm by Most Rev. A. Dharmaraj Rasalam, Moderator, Church of South India and Bishop, South Kerala Diocese in the presence of Rev.Dr. R. Gnandas, Vice-Chairman, SKD, Dr.P.K. Rose Bist, Secretary, SKD, Mr.Palayam Rajan, Councilor, Trivandrum City Corporation, Mr. N.Sakthan, Former Speaker of Kerala Legislative Assembly, Rev.D.Jacob, Presbyter-in-Charge MM Church, Rev.Y.Vijayadas, Rev.N.L.Praveen Raj, Rev.N.Aji, Presbyters of MM Church, Secretary MM Church, Church Accountant and Church committee members. Dedication of various items contributed by members for the renovation of the hall complex was also conducted.

During the occasion the following persons were honoured by Most Rev. A. Dharmaraj Rasalam, Moderator, Church of South India and Bishop, South Kerala Diocese.

Er. Shaw Sumanam, owner and Principal consultant of M/s. Sumanam Engineering Services Er. Rajeneesh Clement, Owner and Chief Architect of M/s. Hometech and Mr. Simon Raju, supervisor of Civil works.

The Church choir led by Mr. Premchand Johnson, Deacon, sang two devotional songs from the renovated stage of TJM MM Church Hall. During the inaugural function Church secretary extended welcome address, Rev.D.Jacob, Presbyter-in-Charge delivered Presidential address and Rev.Dr. R. Gnanadas, Vice-Chairman, SKD, Dr.P.K. Rose Bist, Secretary, SKD, Mr.Palayam Rajan, Councilor, Trivandrum City Corporation, Dr. Samson Nessiah, Deacon and former Church Secretary and Mr. JayaKumar Alfred T., Lifelong deacon and former Church secretary gave the felicitation address.

Dr. Samson Nessiah provided a brief history of TJM MM Church Hall while delivering the felicitation address. Er. A Joshua, Deacon and Convener subcommittee on Buildings and properties MM Church, had given a brief outline on the various components of renovated Hall complex. Mr. Stanley Wilson, Church Accountant

spoke on the investment for renovation and expected financial benefits for the Church from the hall complex. Mr. L.J. Padmakumar, deacon, narrated and appreciated the valuable contributions/services of the workers/contractors/technical consultants/technicians. Dr.V.S. Sugunan, Deacon and Convener Subcommittee on Halls Management MM Church extended vote of thanks as well as the highlights on halls management aspects. The inaugural function ended with closing prayer and benediction by Rev.D.Jacob.

**5. Remembrance Day**

M M Church observed the Remembrance Day on 1st November 2020 by conducting a worship service at MM Church Cemetery Chapel at 5.30 pm. The candle light procession led by Rev.D.Jacob Presbyter-in-Charge MM Church, Rev.Y.Vijayadas, Rev. N.L. Praveen Raj and Rev.N.Aji Presbyters was conducted at cemetery by observing COVID-19 protocols. Tombs of dear and near ones were decorated by respective family members. During the worship service Mr.L.J. PadmaKumar, deacon and convener subcommittee on Cemetery spoke about the development works carried out in the cemetery and the relevance of constructing more number of family vaults in view of the availability of limited land. Church secretary extended vote of thanks. The Remembrance Day Service ended with closing prayer and benediction.

**6. Charity Fest 2020**

Charity Fest 2020 organised by Young Family Fellowship was held on 15th August 2020. In view of the Covid-19 pandemic, the program was held online. The Chief Guest Padamsree K. S. Chitra inaugurated the program, which was presided over by Rev.D.Jacob Presbyter-in-Charge of MM Church. Rev. N. L. Praveen Raj, Dr. P. K. Rose Bist and Dr. Samson Nessiah gave felicitations. Mr. Roy Messiah Das of USA took the first bid.

**7. Youth Week**

Christian Endeavour Youth Fellowship (CEYF) of MM Church observed the youth week from 27th September 2020 to 4th October 2020. The CEYF members took lead role in all Worship Services on Youth Sunday 4th October 2020. CEYF also organised a gospel

convention from 2nd to 4th October 2020 at MM Church with online streaming. During youth week CEYF started a COVID-19 help desk to support our Church members.

**8. Birthday Greetings/Wedding Anniversary**

Church committee extends bright and blessed birthday wishes and wedding anniversary greetings to all our beloved members who celebrated birthday and wedding anniversary in the month of October and November 2020.

**9. Obituary**

- Mr. David Manickaraj E. (Family No. 732) was called to eternal rest on 26-09-2020 and funeral was held on 26-09-2020 at Mannorkonam, Vellarada.
- Mr. A. Ponnu Nadar (Family No. 1591) was called to eternal rest on 10-10-2020 and funeral was held on 11-10-2020 at M M Church cemetery.
- Mr. C.Rajayyan (Family No. 1751) was called to eternal rest on 18-10-2020 and funeral was held on 19-10-2020 at M M Church cemetery.
- Mrs. Vasantha Kumari S. (Family No. 734) was called to eternal rest on 22-10-2020 and funeral was held on 23-10-2020 at M M Church cemetery.
- Er. D.J.Alexander (Family No. 653) was called to eternal rest on 08-11-2020 and funeral was held on 08-11-2020 at M M Church cemetery.

**Heartfelt condolences to the bereaved families**

**May God our Father and the Lord Jesus Christ give you all grace and peace**.

**"*Whoever goes to the LORD for safety, whoever remains under the protection of the Almighty, can say to him, You are my defender and protector. You are my God; in you I trust.*"**
**Psalm 91:1,2**

**Dr. Thampi Sam Raj Y. C.**
**Church Secretary**

# "വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ" (യോഹ.21:12)
## "Come and have breakfast"

റവ.എൻ. അജി, എം.എം. ചർച്ച്

യേശു ആതിഥേയനും ശിഷ്യന്മാർ അതിഥികളും എന്ന നിലയിൽ,ആതിഥേയനായ യേശു അതിഥികളായ ശിഷ്യന്മാരെ പ്രഭാതഭക്ഷണത്തിന് ക്ഷണിക്കുന്ന സന്ദർഭമാണിത്. അന്ത്യഅത്താഴം കഴിച്ചതിനുശേഷം യേശുവും ശിഷ്യന്മാരും ഒരുമിച്ച് കഴിക്കുന്ന ആദ്യത്തെ ഭക്ഷണമാണിത്. യേശുവിന്റെ ഈ ക്ഷണം നൽകുന്ന ദർശനങ്ങൾ

**1. ഒരു പുതിയ പ്രഭാതത്തിലേയ്ക്കുള്ള ക്ഷണം (Invitation to a New morning)**

ഇവിടെ യേശു ക്ഷണിക്കുന്നത് പ്രഭാത ഭക്ഷണം കഴിക്കാനാണ്. (Come and have breakfast) Breakfastഎന്നാൽ Early morning meal എന്നാണർത്ഥം. നേരം പുലർന്നുവരുന്ന സമയത്ത് (Early morning) യേശു ശിഷ്യന്മാരെ ഭക്ഷണത്തിന് ക്ഷണിക്കുകയാണ്.

**പ്രഭാതം (Morning)**

★ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ മഗ്ദലക്കാരത്തി മറിയ ഉയിർത്തെഴുന്നേറ്റ യേശുവിനെ കാണുന്നു.

എമ്മവൂസിലേയ്ക്കുള്ള യാത്ര തുടങ്ങിയത് പ്രഭാതത്തിലാണ്.

അടച്ചിട്ട വാതിലിനുള്ളിൽ യേശു പ്രത്യക്ഷനാകുന്നത് പ്രഭാതത്തിലാണ്.

ക്രിസ്തു മരണത്തെ തോൽപിച്ച് ഉത്ഥാനം ചെയ്തു എന്ന സദ്വാർത്ത മനുഷ്യർ അറിയുന്നത് പ്രഭാതത്തിലാണ്.

തിബര്യാസ് തടാകത്തിന്റെ തീരത്ത് യേശു എത്തുന്നതും പ്രഭാതത്തിലാണ്, പുലരിയിലാണ്.

ചെറിയ മഴയുള്ള ഒരു പ്രഭാതം ഒരു യാചകൻ ഒരു വീട്ടിലേയ്ക്ക് വരുന്നുണ്ട്. ഒരു കുട്ടി ഓടി വന്ന് ചോദിച്ചു. നിങ്ങൾ എന്തിനാണ് പ്രഭാതത്തിൽ വന്നത്. വൈകുന്നേരം വന്നുകൂടെ? അദ്ദേഹം പറഞ്ഞു, ഭയമാണ്. പ്രഭാതത്തിൽ നിങ്ങൾ കൂടുതൽ നിർമ്മലരും നിഷ്ക്കളങ്കരും ആയിരിക്കും. നിങ്ങളുടെ മനസ്സ് ശാന്തമായിരിക്കും. ഒന്നും തന്നില്ലെങ്കിലും ഒന്ന് ഉറപ്പാണ് ആട്ടിപ്പായിക്കില്ല.

പ്രഭാതം രാത്രിയുടെ അന്ധകാരത്തെ ഉടച്ചുകളയുന്നു.

പ്രഭാതം പുതിയ തുടക്കത്തെ കുറിക്കുന്നു.

ഹൈന്ദവ ഗ്രന്ഥം - പ്രഭാതം 'ബ്രഹ്മമുഹൂർത്തം'

ബ്രഹ്മമുഹൂർത്തം എന്നാൽ സൂര്യൻ ഉദിച്ചുവരുന്ന നേരം. ദൈവത്തിന്റെ സമയം, ഈശ്വരന് സ്വീകാര്യമായ സമയം.

അങ്ങനെയാണെങ്കിൽ ആതിഥേയനായ ക്രിസ്തുവിന്റെ ക്ഷണം.

1. കഴിഞ്ഞതെല്ലാം മറന്ന് എല്ലാം പുതുതായി തുടങ്ങാനുള്ള ക്ഷണം.
2. പുതിയ പ്രഭാതത്തിലേയ്ക്കുള്ള ക്ഷണം.
3. എല്ലാം അവസാനിച്ചു എന്നു കരുതവെ നമുക്ക് ആരംഭിക്കാം.

ശിഷ്യന്മാരെ ഇത്തരത്തിൽ ക്ഷണിക്കാൻ ചില കാരണങ്ങൾ ഉണ്ട്.

ശിഷ്യന്മാർ lockdown - ൽ ആയിരുന്നു.

യഹൂദന്മാരെ ഭയന്ന് വാതിൽ അടച്ചിരിക്കുന്നു.

ഭക്ഷണം കഴിച്ചിട്ടു ദിവസങ്ങളായിക്കാണണം.

ഇനിയും ലോക്ഡൗണിൽ ഇരിക്കാൻ കഴിയില്ല. എന്തും വരട്ടെ എന്ന ചിന്തയിലാണ് വള്ളവും വലയുമായി തിബര്യാസ് കടൽത്തീരത്ത് എത്തിയത്.

ജീവൻ പണയം വച്ചുകൊണ്ടാണ് ഇറങ്ങിയത്

ഒന്നും കിട്ടിയില്ല.

നല്ല ക്ഷീണമുണ്ട് ശാരീരികമായും മാനസികമായും

ഇവരെയാണ് ഒരു പുതിയ പ്രഭാതത്തിലേയ്ക്ക് ക്ഷണിക്കുന്നത്. കഴിഞ്ഞതെല്ലാം മറന്ന് ഒന്ന് പുതുതായി തുടങ്ങാം (Come and have breakfast).

**പ്രഭാത ഭക്ഷണം**

ഒരു ദിവസത്തിന്റെ മുഴുവൻ അദ്ധ്വാനത്തിനും ഊർജ്ജം നൽകുന്ന ഭക്ഷണമാണ് പ്രഭാത ഭക്ഷണം. ഉച്ചഭക്ഷണവും അത്താഴവും മുടക്കിയാലും പ്രഭാതഭക്ഷണം മുടക്കരുത്. അത് ശരീരത്തിന് ദുർവഹമാണ് എന്നാണ് വൈദ്യശാസ്ത്രം പറയുന്നത്. യേശു പ്രഭാത ഭക്ഷണമൊരുക്കി എന്നു പറയുമ്പോൾ

ശിഷ്യന്മാരെ കർമ്മനിരതരാക്കുകയാണ്

ഊർജ്ജം നൽകുകയാണ്

മരവിച്ചുപോയ അവരുടെ ജീവിത്തിലേയ്ക്ക് ജീവൻ പകരുകയാണ്.

ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെയും ക്ഷണിക്കുന്നു. "വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ" ഇന്നിന്റെ പശ്ചാത്തലത്തിൽ ഭയം നമ്മെ പിടിച്ചിരിക്കുന്നു. ഇനി എന്തും വരട്ടെ എന്ന ചിന്ത പലപ്പോഴും ഉണ്ട് ശാരീരികമായും മാനസികമായും പലപ്പോഴും തീർന്നു പോകുന്നു. ക്രിസ്തു നമ്മെ ക്ഷണിക്കുന്നത് ഒരു പുതിയ പ്രഭാതത്തിലേയ്ക്കാണ്.

എല്ലാം മറന്ന് ഒന്ന് പുതുതായി തുടങ്ങാം. എല്ലാം അവസാനിച്ചു എന്ന് കരുതണ്ട നിങ്ങൾക്ക് ഊർജ്ജം പകരാൻ കർമ്മനിരതരാകാൻ മരവിച്ചു പോയ ജീവിതത്തിലേയ്ക്ക് ജീവൻ പകരാൻ ഞാനുണ്ട്.

**അനുതാപത്തിലേയ്ക്കുള്ള ക്ഷണം (Invitation to Confession)**

ഒരു സാധാരണ മനുഷ്യൻ എപ്പോഴും ചിന്തിക്കുന്നത് 'എങ്ങനെയെങ്കിലും ഒന്ന് പിടിച്ചുനിൽക്കുക' എന്നതാണ്. അതിനുവേണ്ടിയുള്ള നെട്ടോട്ടത്തിലുമാണ്. ആ ഓട്ടത്തിനിടയിൽ ചില വീഴ്ചകളും സംഭവിക്കാറുണ്ട്. ശിഷ്യന്മാർക്കും നിലനിൽപിനുവേണ്ടിയുള്ള ഓട്ടത്തിനിടയിൽ ചില വീഴ്ചകൾ സംഭവിച്ചു.

ഗത്ശമനയിൽ വച്ച് യേശുവിനെ ഉപേക്ഷിച്ച് ഓടി - നിലനില്പിനുവേണ്ടി.

പത്രോസ് തള്ളിപ്പറഞ്ഞു - നിലനിൽപിനുവേണ്ടി

പരിശുദ്ധാത്മാവു വരുന്നതുവരെ യരുശലേമിൽ താമസിക്കണം എന്നതായിരുന്നു നിർദ്ദേശം. അത് അവഗണിച്ച് മീൻപിടിക്കാൻ പോയി - നിലനിൽപിനുവേണ്ടി.

ഈ വീഴ്ചകളെല്ലാം സംഭവിച്ചത് നിലനിൽപിനുവേണ്ടിയുള്ള ഓട്ടത്തിനിടയിലായിരുന്നു. അങ്ങനെയെങ്കിൽ യേശുവിന്റെ ഈ ക്ഷണം ഇടർച്ചകളെ മനസിലാക്കുന്ന, ഇടർച്ചകളെ അറിയുന്ന, ഇടർച്ചകളെ മനസുകൊണ്ട് ഏറ്റുപറയാനുള്ള ക്ഷണമാണ്. "ഉയിർത്തെഴുന്നേറ്റ കർത്താവ് തിബര്യാസ് കടലിന്റെ തീരത്ത് ഒരുക്കിയ ഒരു കുമ്പസാരക്കൂടായിരുന്നു പ്രാതൽ മേശ". തള്ളിപ്പറഞ്ഞ പത്രോസും സ്ഥാനമാനങ്ങളെ ചൊല്ലി തർക്കിച്ച യാക്കോബും യോഹന്നാനും മനസുകൊണ്ട് എല്ലാവരും അവരുടെ ഇടർച്ചകളെ ഏറ്റുപറഞ്ഞു കാണും. നിലനിൽപിനുവേണ്ടിയുള്ള ഓട്ടത്തിനിടയിൽ എവിടെയൊക്കെയോ നമുക്കും ഇടറിയിട്ടുണ്ട്. വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്, തള്ളിപ്പറഞ്ഞിട്ടുണ്ട്. ഉപേക്ഷിച്ച് ഓടിയിട്ടുണ്ട്. യേശുവേ നീ എവിടെ എന്നു ചോദിച്ചിട്ടുണ്ട്. കർത്താവ് നമ്മെയും ക്ഷണിക്കുന്നു. "വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ".

അകന്നുപോയ ബന്ധങ്ങൾ വീണ്ടെടുക്കാനുള്ള ക്ഷണം.

നഷ്ടപ്പെട്ടുപോയ ബന്ധങ്ങൾ വീണ്ടെടുക്കാനുള്ള ക്ഷണം.

ഇടർച്ചകളിൽ ആയിരിക്കുന്നവർക്ക് മടങ്ങിവരാനുള്ള ക്ഷണം.

ഈക്ഷണം നമുക്കും സ്വീകരിക്കാം.

**പ്രാർത്ഥന:** എനിക്കുവേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ക്രിസ്തുവേ, അങ്ങയുടെ ക്ഷണം ഞാൻ സ്വീകരിക്കുന്നു. എന്നെ കൈക്കൊള്ളേണമേ. ആമേൻ

# ബേഥാന്യ നൽകുന്ന പാഠങ്ങൾ

## എൽ. ജെ. പത്മകുമാർ

**യോ**ഹന്നാൻ എഴുതിയ സുവിശേഷം 11-ാം അദ്ധ്യായം തുടങ്ങുന്നത് ബേഥാന്യയിലെ ഒരു കുടുംബത്തിൽ മാർത്ത, മറിയ എന്നിവരുടെ സഹോദരനായ ലാസറിന്റെ രോഗത്തെ പരാമർശിച്ചുകൊണ്ടാണ്. ദീനമായി കിടന്ന ലാസറിനെക്കുറിച്ച് യേശുവിനെ അറിയിക്കാൻ ഈ സഹോദരിമാർ ആളയച്ചു. എന്നാൽ യേശു വരുന്നതിനു മുമ്പ് തന്നെ ലാസർ മരണപ്പെട്ടു. നാലാം നാൾ യേശു വരുകയും മരിച്ച് അടക്കം ചെയ്തിരുന്ന ലാസറിനെ ഉയിർപ്പിക്കുകയും ചെയ്തു.

യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ അനേകം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. യേശു താൻ ദൈവപുത്രനാണെന്ന് തന്നെത്താൻ വെളിപ്പെടുത്തുന്ന ഒരു അടയാളമായിട്ടാണ് ഈ അത്ഭുതപ്രവൃത്തിയെ കാണുന്നത്. എന്നാൽ ഈ അത്ഭുതപ്രവൃത്തിയിൽ ചില മർമ്മങ്ങളുണ്ട്. അവയെ നാം മനസ്സിലാക്കുന്നതും വിലയിരുത്തുന്നതും നമ്മുടെ ആത്മീയ ജീവിതവിജയത്തിന് വളരെ സഹായകരമാകും.

**1. ലോകത്തിൽ കഷ്ടതയുണ്ട്**

ലാസറിന്റെ കുടുംബവുമായി യേശുവിന് നല്ല ബന്ധമുണ്ടായിരുന്നു. ബേഥാന്യയിൽ വരുമ്പോഴൊക്കെ യേശു ലാസറിന്റെ ഭവനത്തിൽ വിശ്രമിക്കുക പതിവായിരുന്നു. യോഹന്നാൻ 11-ാം അദ്ധ്യായത്തിൽ ലാസർ കർത്താവിന് പ്രിയനായവനെന്നും യേശു മാർത്തയേയും അവളുടെ സഹോദരിയേയും ലാസറിനെയും സ്നേഹിച്ചു എന്നും ലാസറിന്റെ കല്ലറയ്ക്കൽ വന്നപ്പോൾ യേശു കണ്ണുനീർ വാർത്തു എന്നും പ്രതിപാദിക്കുന്നുണ്ട്. ലൂക്കൊ. 10-ാം അദ്ധ്യായത്തിൽ "മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് അവളോട് ആരും അപഹരിക്കുകയുമില്ല" എന്ന് യേശു പറഞ്ഞത് ഈ മറിയയെക്കുറിച്ചാണ്. പിൽക്കാലത്ത് ഈ മറിയ തന്നെയാണ് യേശുവിന്റെ പ്രധാന വിശ്വാസികളിൽ ഒരാളായി മാറിയതും ഉയിർത്ത യേശുവിനെ കണ്ടതും.

ഇത്രത്തോളം ഈ കുടുംബം യേശുവിനെ സ്നേഹിക്കുകയും യേശു ഈ കുടുംബത്തെ സ്നേഹിക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ യേശുവിനോടൊപ്പമുള്ള സ്നേഹബന്ധം കുടുംബത്തിൽ കഷ്ടതയനുഭവിക്കുന്നതിൽ നിന്നും അവർക്ക് രക്ഷയായില്ല.

ഇയ്യോബിന്റെ ജീവിതം പരിശോധിക്കാം. “അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷംവിട്ട് അകലുന്നവനുമായിരുന്നു”. എന്നിട്ടും ഇയ്യോബിനു സംഭവിച്ച കഷ്ടത നമുക്ക് അറിവുള്ളതാണല്ലോ.

യോഹന്നാൻ 16-ാം അദ്ധ്യായത്തിൽ ലോകത്തിൽ കഷ്ടത ഉണ്ട് എന്നും ലോകത്തെ താൻ ജയിച്ചിരിക്കകൊണ്ട് ധൈര്യമായിരിപ്പിൻ എന്നും യേശു പ്രബോധിപ്പിക്കുന്നു. അ.പ്ര. 14-ാം അദ്ധ്യായത്തിൽ നാം ഈ ലോകത്തിൽ ആയിരിക്കുമ്പോൾ അനേകം കഷ്ടതകൾ അനുഭവിക്കേണ്ടിവരുമെന്നും കഷ്ടതകളിൽക്കൂടി വേണം ദൈവരാജ്യത്തിൽ കടക്കേണ്ടതെന്നും അപ്പോസ്തലനായ പൌലോസ് ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ദൈവപുത്രനായ ക്രിസ്തു തന്നെ മനുഷ്യനായി ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ക്രൂശിലെ മരണത്തോളം കഷ്ടത അനുഭവിച്ചു.

എന്നാൽ വെളി. 21-ൽ നിത്യഭവനത്തെക്കുറിച്ചും നിത്യതയെക്കുറിച്ചും വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവിടെയായിരിക്കുമ്പോൾ അവൻ കണ്ണുനീരെല്ലാം തുടച്ചുകളയുമെന്നും അവിടെ മരണം, ദുഃഖം, മുറവിളി, കഷ്ടത എന്നിവ ഉണ്ടായിരിക്കയില്ല എന്നും വെളിപ്പെടുത്തിയിരിക്കുന്നു.

ഇതിൽ നിന്നെല്ലാം നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളം നമുക്ക് കഷ്ടതയുണ്ട്. എന്നാൽ കർത്താവിൽ വിശ്വസിച്ച് അവനോടു ചേർന്നു നടന്നാൽ അവൻ നമ്മെ കൈവിടുകയുമില്ല ഉപേക്ഷിക്കുകയുമില്ല. ദുഃഖവും കഷ്ടതയും ഇല്ലാത്ത നിത്യഭവനത്തിൽ കർത്താവിനോടുകൂടെ വസിപ്പാൻ നമ്മുടെ ഈ ലോകജീവിതത്തെ കർത്താവിൽ ആശ്രയിച്ചുകൊണ്ട് ക്രമീകരിപ്പാൻ ശ്രമിക്കാം.

**2. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന**

ലാസറിനു രോഗം വന്നപ്പോൾ തീർച്ചയായും മാനുഷികമായ പല രീതിയിലുമുള്ള ചികിത്സകൾ കിട്ടിയിരിക്കും എന്നു നമുക്ക് അനുമാനിക്കാം. ഈ ചികിത്സകൾ വിഫലമായപ്പോഴായിരിക്കാം സഹോദരിമാർ ലാസറിന്റെ രോഗവിവരം യേശുവിനെ അറിയിച്ചത്. വിവരം അറിഞ്ഞയുടൻ യേശു ഭവനത്തിൽ വരുമെന്നും തങ്ങളുടെ സഹോദരനെ സൗഖ്യമാക്കും എന്നും അവർ വിശ്വസിച്ചു. വന്നില്ലെങ്കിൽക്കൂടി യേശു താൻ ആയിരിക്കുന്ന സ്ഥലത്തുവച്ചു തന്നെ ഒരു വാക്ക് കൽപ്പിച്ചാൽ ഭവനത്തിൽ ആയിരിക്കുന്ന സഹോദരന് സൗഖ്യം ലഭിക്കും എന്ന് അവർ വിശ്വസിച്ചു.

നാലുദിവസം കഴിഞ്ഞ് യേശു ഭവനത്തിൽ വന്നപ്പോൾ മാർത്ത യേശുവിനെ എതിരേറ്റു ചെന്നു. “കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു.ഇപ്പോഴും നീ

ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്ക് തരും എന്ന് ഞാൻ അറിയുന്നു" എന്നുപറഞ്ഞു. മാർത്തയുടെ വിശ്വാസത്തോടെയുള്ള അപേക്ഷ കേട്ട് അതിദുഃഖിതനായി; "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും" എന്ന് യേശുപറഞ്ഞു. എപ്പോഴെങ്കിലും പ്രശ്നങ്ങളും കഷ്ടതകളും നാം അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അവ പരിഹരിക്കുവാൻ നമുക്ക് സാധിക്കുകയില്ല എന്നു തോന്നുന്നു എങ്കിൽ നാം പ്രാർത്ഥനയിലൂടെ ദൈവത്തെ സമീപിക്കുക. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും കഷ്ടതകളും സംഭവിക്കുന്നത് ദൈവത്തിന്റെ അറിവോടെയാണ് എന്ന് നാം വിശ്വസിക്കണം. ഓരോ പ്രശ്നത്തിനും നമുക്ക് അറിയാൻ പറ്റാത്തതും ദൈവത്തിനുമാത്രം അറിയാൻ കഴിയുന്നതുമായ പല കാരണങ്ങളും ഉണ്ട്. എത്ര തന്നെ പ്രതികൂലമായ സാഹചര്യത്തിലും ദൈവത്തെ തള്ളിപ്പറയാതിരിക്കുക. മാർത്തയെപ്പോലെ പിറുപിറുക്കാതെ എല്ലാം നന്മയ്ക്കായി മാത്രം എന്ന് വിശ്വസിക്കുക. കർത്താവിലുള്ള ഈ അടിയുറച്ച വിശ്വാസത്തിന്റെ ഫലമാണ് ഈ കുടുംബത്തിന് ലഭിച്ചത്.

പ്രാർത്ഥന എന്നുപറയുന്നത് നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവത്തോടു ചോദിക്കുന്നതിനുവേണ്ടി മാത്രമാകരുത്. യേശുവുമായി വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു വ്യക്തിബന്ധം സ്ഥാപിക്കൽ കൂടിയാണ് പ്രാർത്ഥന. ദൈവത്തോടു ചോദിക്കുന്നതിനു മുമ്പു തന്നെ നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവം അറിയുന്നുണ്ട്. വിശ്വാസത്താലുള്ള പ്രാർത്ഥന മുഖാന്തിരം നാം ദൈവത്തോടു കൂടുതൽ അടുക്കുന്നു.

**3. പ്രാർത്ഥനയ്ക്കുള്ള ഉത്തരത്തിന് കാലതാമസം വന്നേയ്ക്കാം**

യേശു ലാസറിന്റെ രോഗവിവരം അറിഞ്ഞിട്ടും താൻ താമസിച്ചിരുന്ന സ്ഥലത്തു തന്നെ രണ്ടു ദിവസം കൂടി തങ്ങി. ഇതിനെക്കുറിച്ച് അന്വേഷിച്ചവരോട് യേശു; "ഈ ദീനം മരണത്തിനായിട്ടല്ല. ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന് ദൈവത്തിന് മഹത്വത്തിനായിട്ടത്രേ" എന്നു പറഞ്ഞു. നമ്മുടെ ജീവിതത്തിൽ നമുക്കു വേണ്ടപ്പെട്ട ആരെങ്കിലും രോഗബാധിതൻ എന്ന് അറിഞ്ഞാൽ സ്വാഭാവികമായി നാം കഴിയുന്നതും വേഗം ആ രോഗിയെ അന്വേഷിച്ച് പോകുമല്ലോ. മാർത്തയും മറിയയും അതു തന്നെയായിരിക്കും യേശുവിൽ നിന്ന് പ്രതീക്ഷിച്ചത്. പക്ഷേ അതിന് വിപരീതമായാണ് കാര്യങ്ങൾ സംഭവിച്ചത്.

യേശുവിന്റെ ഈ താമസം മനഃപൂർവമായിരുന്നു. ബേഥാന്യയിൽ എന്തുസംഭവിക്കുമെന്ന് യേശുവിന് നേരത്തെ തന്നെ അറിയാമായിരുന്നു. യേശുവിന്റെ താമസിച്ചുള്ള വരവ് അവരുടെ പ്രതീക്ഷയ്ക്കും പ്രാർത്ഥനയ്ക്കും വിപരീതമായിരുന്നെങ്കിലും യേശുവിനെ സംബന്ധി

ച്ചിടത്തോളം സമയം ആയിട്ടില്ലായിരുന്നു. യേശു വന്നതും ഇടപെട്ടതും സഹോദരിമാരുടെ ഇച്ഛയ്ക്ക് അനുസൃതമായിട്ടല്ലായിരുന്നു. പക്ഷേ യേശു തന്റെ ഇച്ഛയ്ക്ക് അനുസരിച്ചാണ് പ്രതികരിച്ചത്. ദൈവം തന്റെ ഹിതം അനുസരിച്ചാണ് ഇടപെടുന്നത്.

സഹോദരിമാർ ലാസറിന്റെ സൗഖ്യം പ്രതീക്ഷിച്ചപ്പോൾ യേശുവോ അവന്റെ ഉയിർപ്പിനെക്കുറിച്ച് ചിന്തിച്ചു. ഒരാളെ സൗഖ്യം ആക്കുന്നതിനേക്കാൾ അയാൾ മരിച്ചശേഷം അയാളെ ഉയിർപ്പിക്കുന്ന പ്രവൃത്തിയിലാണ് ദൈവനാമം കൂടുതൽ മഹത്വപ്പെടുന്നത്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് നമുക്ക് യാതൊരു അറിവും കാണുകയില്ല. നമ്മുടെ ജീവിതത്തിൽ ദൈവീക ഇടപെടൽ നാം പ്രതീക്ഷിക്കുന്നതുപോലെ വേഗത്തിലല്ല. പലപ്പോഴും താമസിച്ചുപോകാറുണ്ട്. അത് മനസ്സിലാക്കാതെ നാം അക്ഷമരാകാറു ണ്ട്. നമ്മുടെ ആവശ്യങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ചിട്ട് മടുത്തു പോകാതെ കാത്തിരിക്കേണ്ടത് അത്യാവശ്യമാണ്.

**4. ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല**

ലാസർ മരിച്ച് നാലാം നാൾ യേശു ലാസറിന്റെ ഭവനത്തിൽ എത്തി. യഹൂദന്മാരുടെ വിശ്വാസം അനുസരിച്ച് മരിച്ച് നാലാം ദിവസ മാണ് അവർ ശരിയായി മരിച്ചതായി പ്രഖ്യാപിക്കുന്നത്. മരിച്ച് കഴിഞ്ഞ് ആത്മാവ് ശരീരത്തിനു ചുറ്റും മൂന്നു ദിവസം കാണും എന്നും അതിനു ശേഷമേ ശരീരം വിട്ടുപോകുകയുള്ളൂ എന്നും ആണ് അവരുടെ വിശ്വാ സം. മൂന്നുദിവസത്തിനകം യേശു ഇടപെട്ടിരുന്നു എങ്കിൽ യഹൂദന്മാർക്ക് ലാസറിന്റെ ഉയിർപ്പ് അതിശയകരമായി തോന്നുകയില്ലായിരുന്നു. എന്നാൽ ലാസറിന്റെ ഉയിർപ്പ് മുഖേന ദൈവനാമം മഹത്വപ്പെടുകയും യേശു ദൈവപുത്രനെന്ന് വെളിവാകുകയും ചെയ്തു.

ലാസർ മരിച്ച് നാലാം നാൾ യേശു വന്നപ്പോൾ ലാസറിന്റെ ശരീരം അഴുകുവാൻ ആരംഭിച്ചിരുന്നു. അപ്പോഴാണ് യേശു ഇടപെട്ടത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ദൈവത്തിന്റെ ഇടപെടൽ ദൈവ ത്തിനു മഹത്വം ഉണ്ടാകുന്ന രീതിയിലായിരിക്കും. ദൈവം നമ്മെ അനു ഗ്രഹിക്കുകയും നമ്മുടെ പ്രാർത്ഥന കേൾക്കുകയം ചെയ്യും. പക്ഷേ ഈ അനുഗ്രഹത്തിന്റെ ഉറവിടം ദൈവമാണെന്ന് അനുഗ്രഹം പ്രാപി ക്കുന്ന ആളും മറ്റുള്ളവരും വിശ്വസിക്കുന്ന രീതിയിൽ ആയിരിക്കും ഈ ഇടപെടൽ നടക്കുന്നത്. ദൈവം കൊടുക്കുന്ന അനുഗ്രഹങ്ങളുടെയും നന്മകളുടെയും ഖ്യാതി മനുഷ്യൻ എടുക്കുന്നത് ദൈവത്തിന് ഇഷ്ടമ ല്ല. പലപ്പോഴും നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനുഷ്യരാൽ പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ ദൈവം ഇടപെടുകയും പ്രശ്ന ങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യും.

## "The First Nowell" എന്ന ഗാനത്തിന്റെ പരിഭാഷ

**ജെ. ജോഷ് രാജ്**

**പാ**ടി ദൂതർ ദിവ്യജന്മവാർത്ത
പാടങ്ങളിൽ സാധു ഇടയരോടു
വയലിൽ മേവുമജപാലകർ
വളരും ശിശിരക്കുളിരതിൽ

ഈശോ ജാതനായ്
ഈശോ ജാതനായ്
ഇസ്രായേലിൻ മഹാരാജൻ

മേൽ ദർശിച്ചവർ താരകം
മാ ദൂരത്തിൽ പൂർവ്വ ദിക്കിൽ
പ്രഭാപൂരം ഭൂവിനേകി
പകലും രാവിലും ഉജ്ജ്വലിച്ചു (ഈശോ...)

ആ താരശോഭ പിൻ ചെന്നു
അന്യരാം രാജാക്കൾ മൂവരെത്തി
മന്നനാം പൈതലെക്കാൺമാൻ
മാശോഭയേറും താരം മാർഗ്ഗം കാട്ടി (ഈശോ...)

പശ്ചിമോത്തര വീഥിയിൽ
പോയ് താരം നിന്നു ബേതലേ
നിശ്ചലമായ് നിന്നു താരം
നസറായൻ തൻ ഈറ്റില്ലത്തിൽ (ഈശോ...)

മൂന്നരചർ ഗോശാലയിൽ
മുട്ടിന്മേൽ നിന്നു താഴ്മയായ്
മശിഹാ സവിധത്തിൽ അർപ്പിച്ചു
മൂർ പൊന്നു കുന്തുരുക്കവും (ഈശോ...)

നാമെല്ലാപേരും ഏകരായ്
നാം കർത്താവിനായ് പാടിടാം
മണ്ണും വിണ്ണും ചമച്ചവന്നു
മർത്ത്യരെ തൻ ചോരയാൽ വീണ്ടവനു (ഈശോ...)

# നവീകരിച്ച റ്റി.ജെ.എം. എം.എം.ചർച്ച് ഹാളിന്റെ പ്രതിഷ്ഠാരാധന

എൽ.എം.എസ്. കോമ്പൗണ്ടിൽ എം.എം.ചർച്ചിന് പിന്നിൽ ലണ്ടൻ മിഷണറി സൊസൈറ്റിയുടെ ട്രിപ്പിൾ ജൂബിലി ഓർമ്മയ്ക്കായി (TJM) ഒരു ഹാൾ 1945 സെപ്റ്റംബർ മാസം 21-ാം തീയതി അടിസ്ഥാനശിലയിട്ടു പണി ആരംഭിച്ചു. പത്തു വർഷം കൊണ്ട് ഹാളിന്റെ പണി പൂർത്തിയാക്കി 1955 ഏപ്രിൽ 11-ാം തീയതി അന്നത്തെ സൗത്ത് ട്രാവൻകൂർ ബിഷപ്പ് Rt. Rev. Arnold H. Legg തിരുമേനി ദൈവനാമത്തിൽ പ്രതിഷ്ഠിച്ചു. 1994 ഓഗസ്റ്റ് 14-ന് എം.എം.ചർച്ച് ദക്ഷിണകേരള മഹായിടവകയ്ക്ക് നൽകിയ അപേക്ഷ പരിഗണിച്ച് ഹാളിന്റെ പേര് TJM MM Church Hall എന്ന് പുന:നാമകരണം ചെയ്തു. അതിനെത്തുടർന്ന് 2012 ജൂലൈ മാസം 23-ാം തീയതി ഹാളിന്റെ വലതുഭാഗത്തായി ഒരു മിനിഹാൾ നിർമ്മിക്കുകയും, അത് 23-7-2012-ൽ ദക്ഷിണകേരള മഹായിടവക ബിഷപ്പ് Rt. Rev. A. ധർമ്മരാജ് റസാലം തിരുമേനി പ്രതിഷ്ഠിക്കുകയും ചെയ്തു.

TJM MM Church Hall, MM Church-ന്റെ സണ്ടേസ്കൂൾ ഉൾപ്പെടെ, സഭയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഏകദേശം 65 വർഷമായി നിരന്തരം ഉപയോഗിക്കുന്നു. വിവാഹ സംബന്ധമായ വിരുന്നിനും, പല സുവിശേഷ യോഗങ്ങൾക്കും, മഹായിടവകയുടെ ആവശ്യങ്ങൾക്കും ഹാൾ പ്രയോജനപ്പെടുത്തുന്നു.

എന്നാൽ കാലഘട്ടത്തിന്റെ ആവശ്യാനുസരണം ഹാൾ നവീകരിക്കേണ്ട ആവശ്യകത ചർച്ച് കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുകയും അതനുസരിച്ച് തിരുസഭയുടെയും മഹായിടവക ഉൾപ്പെട്ട ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ സമ്മതത്തോടും കൂടെ ഹാൾ ആധൂനീവൽക്കരിച്ച് റ്റി.ജെ.എം.എം.എം.ചർച്ച് ഹാൾ കോംപ്ലക്സ് ആയി രൂപപ്പെടുത്തുകയുണ്ടായി. 2019 ആരംഭത്തോടെ പുനർ നിർമ്മാണ പണികൾ ആരംഭിക്കുകയും, 2020 നവംബർ 1-ാം തീയതി ഞായറാഴ്ച 12.00 മണിക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദൈവനാമത്തിൽ പ്രതിഷ്ഠിക്കാനും സാധിച്ചു. പ്രതിഷ്ഠാശുശ്രൂഷയും അതിനോടനുബന്ധിച്ചുള്ള ആരാധനയും പ്രതിഷ്ഠയും നിർവ്വഹിച്ചത് **ദക്ഷിണേന്ത്യാ സഭയുടെ മോഡറേറ്ററും ദക്ഷിണ കേരള മഹായിടവക ബിഷപ്പുമായ അഭിവന്ദ്യ മോസ്റ്റ് റവ. എ. ധർമ്മരാജ് റസാലം തിരുമേനിയായിരുന്നു.** പ്രതിഷ്ഠാരാധനയെ തുടർന്ന് റവ. ഡി. ജേക്കബ്, എം.എം.ചർച്ച് പ്രസ്സ്ബിറ്റർ ഇൻ ചാർജിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ

ചർച്ച് സെക്രട്ടറി ഡോ.തമ്പി സാംരാജ് സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ ബഹുമാനപ്പെട്ട അച്ചൻ ചരിത്രമുഹൂർത്തം സമ്മാനിച്ച ദൈവത്തിനു സ്തോത്രം അർപ്പിച്ചു. ധാരാളം ആശയസമ്പുഷ്ടമായ ചർച്ചകളും പഠനങ്ങളും പ്രാർത്ഥനകളും നടന്ന സ്ഥലം, ഒരു ടീം വർക്കിന്റെ ഫലമായി മനോഹരമായ ഹാൾ ആയി രൂപാന്തരപ്പെടുത്താൻ സാധിച്ചതിലുള്ള കൃതാർത്ഥത അച്ചൻ പ്രസ്താവിച്ചു.

സ്വാഗതപ്രസംഗത്തിൽ, കഴിഞ്ഞ രണ്ടര കൊല്ലം, ചർച്ച് കമ്മിറ്റിയിലൂടെ ദൈവം എം.എം. സഭയിൽ നടത്തിയ ക്രിയാത്മകമായ സംരംഭങ്ങളെപ്പറ്റി ചർച്ച് സെക്രട്ടറി സംക്ഷിപ്തമായി വിവരിച്ചു. ദേവാലയത്തിന്റെ മേൽക്കൂരയിലുണ്ടായ ജീർണ്ണത മാറ്റിയെടുത്ത് ബലപ്പെടുത്താനും, പാഴ്സണേജ് കോംപ്ലക്സിലെ ഗ്രൗണ്ട്ഫ്ളോറിൽ വാടകസംബന്ധമായ പ്രശ്നങ്ങളാൽ ഭീമമായ നഷ്ടം വരുത്തിയ വാടകക്കാരെ മാറ്റി പുതിയ വാടകക്കാരെ കണ്ടെത്തി സഭയ്ക്കുണ്ടായി ക്കൊണ്ടിരിക്കുന്ന സാമ്പത്തിക ചോർച്ച നിർത്തൽ ചെയ്യാൻ സാധിച്ചതും, ദക്ഷിണകേരള ഇടവകക്കു തന്നെ മാതൃകയായി എം.എം. ചർച്ച് സെമിത്തേരിയിൽ 300 ഫാമിലി വാൾട്ട് നിർമ്മിക്കാൻ കഴിഞ്ഞതും, ഇപ്പോൾ മനോഹരമായി TJM MM Church Complex ആധുനിക വൽക്കരിക്കാൻ സാധിച്ചതും ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനം എന്ന് ചർച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി.

റവ. ഡോ. ആർ. ജ്ഞാനദാസ് മഹായിടവക വൈസ് ചെയർമാൻ, മഹായിടവക സെക്രട്ടറി ഡോ. പി.കെ. റോസ് ബിസ്റ്റ്, ശ്രീ.പാളയം രാജൻ, കൗൺസിലർ, തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ, ശ്രീ. എൻ. ശക്തൻ, മുൻ നിയമസഭാ സ്പീക്കർ എന്നിവർ ആശംസകൾ നേർന്നു.

M.M. Church Building & Properties Sub Committee Convener Er. Joshua Deacon, T.J.M. MM Church Hall Complex നവീകരണ പദ്ധതിയുടെ സവിശേഷതകളെപ്പറ്റി പ്രതിപാദിച്ചു.

2566 sq.ft. വിസ്തീർണ്ണമുള്ള മെയിൻഹാളും (Seating capacity 350 Nos.), വിസ്തീർണ്ണമുള്ള മിനി ഹാളും (Seating capacity 150 Nos.), പൂർണ്ണമായും false ceiling കൊടുത്ത് എയർകണ്ടീഷനിംഗ് നടത്തി. കൂടാതെ ഹാളിന്റെ മുൻഭാഗത്തായി 1010 sq.ft. വിസ്തീർണ്ണമുള്ള ഒരു foyer (seating capacity 100 Nos.) നിർമ്മിച്ച് T.J.M. MM Church ഹാളിന് മനോഹരമായ ഒരു മുഖച്ഛായ നൽകിയിട്ടുണ്ട്. ഇതു കൂടാതെ 290sq.ft. വിസ്തീർണ്ണമുള്ള ഹാളിന്റെ സ്റ്റേജ് wooden floor ചെയ്തു. ഹാളിന്റെ ഇടതുഭാഗത്തുള്ള 650 sq.ft.വരുന്ന വരാന്ത ടൈൽസ് പാകി

മനോഹരമാക്കി.

1535 sq.ft. വിസ്തീർണ്ണമുള്ള കിച്ചൺ, ടോയിലറ്റ്, സ്റ്റോർ എന്നിവ ആധുനികവൽക്കരിച്ചു. T.J.M. MM Church കോംപ്ലക്സിനു വേണ്ടി 200sq.ft. വിസ്തീർണ്ണമുള്ള ഒരു ഓഫീസും സ്റ്റോറും സ്ഥാപിച്ചു. ഹാളിലെ PA System, Stage lighting എന്നിവയ്ക്ക് വേണ്ടി പലരും സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവ ഹാളിന്റെ സുഗമമായ പ്രവർത്തനത്തിന് ഗുണകരമാകും. വൈദ്യുതി തടസ്സം നേരിടാതെ ഹാളിന്റെ പ്രവർത്തനത്തിനായി 125KVA ജനറേറ്റർ സ്ഥാപിച്ചു.

പുനർ നിർമ്മാണവേളയിൽ കോവിഡ് നിയന്ത്രണങ്ങൾ കാരണം നേരിട്ട സാമ്പത്തിക തടസ്സങ്ങളെപ്പറ്റിയും അതെല്ലാം അതിജീവിച്ച് മുന്നേറാൻ ദൈവം കാണിച്ചുതന്ന വഴികളെപ്പറ്റിയും ചർച്ച് അക്കൗണ്ടന്റ് ശ്രീ. സ്റ്റാൻലി വിൽസൻ ഓർമ്മപ്പെടുത്തി. സഭയിലെ പാർസണേജ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം പാർസണേജ് കോംപ്ലക്സ് FD, മറ്റു FD'S, Reserve Fund എന്നിവ ഉപയോഗിച്ച് റ്റി.ജെ.എം. ഹാൾ വികസനപ്രവർത്തനങ്ങൾ ക്രമീകരിക്കണമെന്നും ഹാളിന്റെ പണികൾ പൂർത്തിയായശേഷം വരുമാനം ലഭിച്ചുതുടങ്ങുമ്പോൾ മുതൽ എടുത്ത പണം, തിരികെ എടുത്ത അക്കൗണ്ടുകളിൽ നിക്ഷേപിക്കണമെന്നുമാണ് തിരുസഭാ തീരുമാനം. എന്നാൽ കോവിഡ്-19 കാരണം സഭയുടെ കാണിക്ക മുതലായ റഗുലർ റവന്യു കുറഞ്ഞപ്പോൾ (ഏകദേശം 40 ലക്ഷം രൂപ) മറ്റു മുതലുകളിൽ നിന്നും പണം എടുത്ത് റവന്യു എക്സ്പെൻസ് കൊടുക്കേണ്ടി വരികയും സാമ്പത്തികമായും അപ്രതീക്ഷിതമായ ഞെരുക്കം അനുഭവപ്പെടുകയുമുണ്ടായി. എന്നാലും ദൈവത്തിന്റെ തക്കതായ ഇടപെടലുകൾമൂലം സഭാകമ്മിറ്റിയുടെ മനഃസാന്നിദ്ധ്യം കൈവിടാതെ മുന്നോട്ടു പോകുന്നതിനും, എല്ലാം നല്ല രീതിയിൽ പര്യവസാനിക്കുന്നതിനും ഇടയാക്കി.

തങ്ങളുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങളുടെ ഓർമ്മയ്ക്കായി Memorial Tablets ഹാളിനുള്ളിൽ പതിപ്പിക്കാൻ Tablet ഒന്നിന് ഒരു ലക്ഷം രൂപ സംഭാവനയായി നൽകി താഴെ പറയുന്ന 26 കുടുംബങ്ങൾ മുന്നോട്ടു വന്നു TJM MM Church Complex - ന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സഹായമായി വർത്തിച്ചു.

ഫോയറിന്റെ നിർമ്മാണ ചെലവ് പങ്കിടാൻ 10 ലക്ഷം രൂപ സംഭാവനയായി Er. Chandra Kumar Benjamin -ന്റെ കുടുംബം നൽകി മുന്നോട്ടു വന്നു.

# Memorial Tablet Sponsored by Families

| Sl.No. | Name |
|---|---|
| 1 | In Memory of Mr. Gnanadas Oliver |
| 2 | In memory of Er. N. Yohannan and Mrs. Chellamma Yohannan |
| 3 | In Memory of Mrs. Janet Edward Rasalam and Dr. John Edward Rasalam |
| 4 | In Memory of Mr. S. Ebenezer and Mrs.Lilly Elizammal |
| 5 | In Memory of Mr. J.J. Rajayya BA, LT and Mrs. Mary Kamalam |
| 6 | In Memory of Mr. Praveen Clement |
| 7 | In Memory of Er. E. L .Clement and Mrs. Princet Clement |
| 8 | In Memory of Dr. Vijaya Kumari E. |
| 9 | In Memory of Rev. J. Devadasan |
| 10 | In Memory of Prof. Prakash Francis J. |
| 11 | In Memory of Mr. Azariah J. and Mrs. Helen Neda and Dr. Lionel Jacob |
| 12 | In Memory of Adv. W.R. Danie l and Mrs. Anna Selvam |
| 13 | In Memory of Mrs. Balmy K. Charles |
| 14 | In Memory of Mr. A. George and Ms. Swarnam George and Mr. L.A.Nessiah and Mrs. Felicia Nessiah |
| 15 | In Memory of Prof. C. Jose Davidson |
| 16 | In Memory of Ms. Felicia Nessiah and Mr. L.A. Nessiah |
| 17 | In Memory of Mr. J.A. Nayagamoney and Mrs. Mercy Joan Nayagamoney |
| 18 | In Memory of Mr. S. Gnanabharanam and Mrs. Vethapoo Gnanabharanam |
| 19 | In Memory of Dr. David Joseph |
| 20 | In Memory of Mr. Somaraj E.J. and Mrs. Ethel Padma |
| 21 | In Memory of Dr. Hilkiah Samuel Skinner and Dr. (Mrs.) Irene Skinner |
| 22 | In Memory of Mr. C.A. Stewart Singh and Mrs. Esther Singh |
| 23 | In Memory of Mr. Jacob Sahayam A. and Mrs. Mabel Jacob |
| 24 | In Memory of Mr. Cicil C. and Mrs. Christilda Rose Cicil |
| 25 | In Memory of Mr. S. Edward and Mrs. J. Lilly Edward |
| 26 | In Memory of Er. James S. P. |
| 27 | In Memory of Mr. Austin Mc. Donald White and Ms.Gladie Vijaya Bai White |

സ്റ്റേജ് ലൈറ്റ്, സ്റ്റേജ് കർട്ടൻ, പി.എ. സിസ്റ്റം, ചില Electrical Fittings and other fixtures മുതലായവയ്ക്ക് താഴെ പറയുന്ന വ്യക്തികളും സംഭാവനയായും സാമഗ്രികളായും നൽകിയിട്ടുണ്ട്.

| Sl.No. | Name |
|---|---|
| 1 | Stage Curtain |
| | -In Memory of Mrs. Janet Edward Rasalam and Dr. John Edward Rasalam (sponsored by Er.S.R.K.Rasalam & Family) |
| 2 | Stage lights in memory of Dr. & Mrs. J. E. Rasalam Sponsored by Dr. Ajith Rasalam |
| 3 | Er. Rajendra Kumar R. |
| 4 | Er. Premdas Justus |
| 5 | Mr. Shaji C. |
| 6 | Mr. Sasi Kumar D. and Family |
| 7 | Dr. Thampi Sam Raj |
| 8 | Mr. Cyrus E. |
| 9 | Dr. Beena Thomas |
| 10 | Mrs. Maryamma |
| 11 | Dr. Sajan Christopher |
| 12 | Mr. John Benson & Family |
| 13 | Mr. Anand V. Cyjo |
| 14 | Dr. Arthur Jacob |
| 15 | Er. Rajeneesh Clement |
| 16 | Mr. Retna Rajan J. |
| 17 | Er. Vijayakumar S. |
| 18 | Mr. Sam Justus D. |
| 19 | Mrs. Abha Gilbert and Mr. Jeevan D. C. |
| 20 | Dr. Sajith Edwin |
| 21 | Adv. Saguna Raj |
| 22. | Mr. Ajith Prasad Raj H. L. |
| 23. | Mr. Jaichand Johnson |

കിച്ചൺ, ടോയിലറ്റ് ബ്ലോക്ക് എന്നിവയുടെ പണികൾ പൂർത്തിയായി വരുന്നു. പുനർനിർമ്മാണത്തിനായി ഏകദേശം 190 ഇനം പണികൾ TJM MM Church Complex-ൽ നടത്തുകയുണ്ടായി. അതിനാൽ എല്ലാ പണികളും പൂർത്തിയായതിന് ശേഷം മാത്രമേ

കൃത്യമായ വരവ് ചെലവ് കണക്ക് തയ്യാറാക്കി എടുക്കാൻ സാധിക്കു എന്ന് ചർച്ച് അക്കൗണ്ടന്റ് പ്രസ്താവിച്ചു.

Dr. Samson Nessiah, TJM MM Church Hall-ന്റെ ചരിത്രനാൾ വഴികളെ പറ്റി വിശദമായ ഒരു റിപ്പോർട്ട് അവതരിപ്പിച്ചു. (ഇതേ റിപ്പോർട്ട് ചർച്ച് വോയിസ് ഈ ലക്കത്തിലെ 25-ാം പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആജീവനാന്ത ഡീഖനും ഇപ്പോഴത്തെ കമ്മിറ്റി അംഗവുമായ ശ്രീ. റ്റി. ജയകുമാർ ആൽഫ്രഡ് ആശംസാ പ്രസംഗം നടത്തി.

ശ്രീ. എൽ.ജെ. പത്മകുമാർ Deacon, TJM MM Church Complex -ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിസ്വാർത്ഥ സേവനം നൽകിയ വ്യക്തികളെയും പ്രധാനനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളായ വരെയും പേരെടുത്തു പറഞ്ഞ് സഭയുടെ ആദരവും സ്നേഹവും അറിയിക്കുകയുണ്ടായി.

ഹാളിന്റെ പുനർനിർമ്മാണത്തിന് സാങ്കേതിക ഉപദേശങ്ങൾ പ്രതിഫലേച്ഛയില്ലാതെ നൽകിയ Er. J.L. Shaw Sumanam, Er. Rajaneesh Clement എന്നിവരെ memento നൽകി അഭിവന്ദ്യ തിരുമേനി ആദരിച്ചു. കൂടാതെ ദൈനംദിനപണികൾ നടത്താൻ സൂപ്പർവൈസറായി പ്രവർത്തിച്ച Er.Simon Raju വിനെയും അനുമോദിക്കുകയുണ്ടായി.

Dr. V.S. Sugunan Deacon & Convener, Sub Committee on Halls Management, MM Church തന്റെ കൃതജ്ഞത പ്രസംഗത്തിൽ നവീകരിച്ച ഹാൾ അനുയോജ്യമാം വിധം സൂക്ഷ്മതയോടെ പരിപാലിക്കപ്പെടാനും ഉപയോഗിക്കാനും ഹാൾസ് മാനേജ്മെന്റ് കമ്മിറ്റി തയ്യാറാക്കി ചർച്ച് കമ്മിറ്റി അംഗീകരിച്ച Halls Management Manual-ലെ പ്രസക്തമായ നിബന്ധനകളെപ്പറ്റി പ്രസ്താവിച്ചു.

ഹാൾ നവീകരണത്തിന് തിരുസഭ തന്ന പ്രോത്സാഹനത്തിനും അനുമതിക്കും കൃതജ്ഞത രേഖപ്പെടുത്തിയതോടൊപ്പം, കഴിഞ്ഞ രണ്ട് Annual Harvest Festival- ലിൽ TJM, MM Church Hall -ന്റെ നവീകരണ പദ്ധതിക്കായി സഭാജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി സമാഹരിച്ച ധനത്തെപ്പറ്റിയും നന്ദിയോടെ സ്മരിച്ചു. ഹാളിന്റെ നവീകരണ നിർമ്മാണത്തിന് ചുക്കാൻ പിടിച്ച ചർച്ച് കമ്മറ്റി അംഗങ്ങൾക്കും Sub Committee on Building & Properties -നും, പ്രാർത്ഥനയോടെ നേതൃത്വവും പ്രോത്സാഹനവും നൽകിയ സഭയിലെ വൈദീകരായ Rev. D. Jacob, Rev. Y. Vijayadas, Rev. N. L. Praveen Raj, & Rev. N. Aji എന്നിവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തി. അതുപോലെ ആശംസാ പ്രസംഗങ്ങൾ നടത്തിയ ഡയോസിഷൻ വൈസ് ചെയർമാൻ റവ. ഡോ. ആർ. ജ്ഞാനദാസ് അച്ചനും, ഡയോസിഷൻ സെക്രട്ടറി ഡോ. പി.കെ. റോസ് ബിസ്റ്റിനും, ശ്രീ. പാളയം രാജൻ കൗൺസിലർക്കും,

ശ്രീ. എൻ. ശക്തൻ, മുൻനിയമസഭാ സ്പീക്കർക്കും നന്ദി രേഖപ്പെടുത്തി.

മഹായിടവക ഭാരവാഹികളും കൂടി ഉൾപ്പെട്ട റ്റി.ജെ.എം.ഹാൾ ജോയിന്റ് കമ്മിറ്റിയുടെ സഹകരണത്തിനും നവീകരണ പദ്ധതിക്ക് നൽകിയ അനുമതിക്കായും നന്ദി അർപ്പിച്ചു.

നവീകരണ പദ്ധതിക്ക് പ്രോത്സാഹനവും, അനുമതികളും കൃത്യസമയത്ത് നൽകി, ദൈവനാമത്തിൽ ഹാളിന്റെ പ്രതിഷ്ഠ നിർവ്വഹിച്ച അഭിവന്ദ്യ തിരുമേനിക്ക് ഹൃദയംഗമായ കൃതജ്ഞത രേഖപ്പെടുത്തി.

ഹാളിന്റെ പുതുക്കിയ സ്റ്റേജിൽ ആദ്യമായി ദൈവത്തെ സ്തുതിച്ചുകൊണ്ട് Shri. Premchand Deacon നയിച്ച മനോഹരമായ ക്രിസ്തീയ ഗീതങ്ങൾ ആലപിച്ച Church Choir അംഗങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തി.

ഉദ്ഘാടനയോഗത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട ഒരുക്കങ്ങൾ നടത്തിയ Mrs. Valsa Deaconess, Mrs. Grisilda Wills Deaconess, Er. Ceragil Austin, Prince Deacon, Er. Jobin B. David Deacon, Mrs. Prabha Joshua, Er. John Benson എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തി.

പ്രതിഷ്ഠാ ആരാധനയുടെയും ഉദ്ഘാടനയോഗത്തിന്റെ Live Stream ഒരുക്കിയ Shri. Peter Chellaiah Deacon, Shri. Shadrak, Shri. Jijo Shibu, Photography coverage നൽകിയ Shri. Ajith D. T. എന്നിവരോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തി.

ഉദ്ഘാടന യോഗത്തിന്റെ വിജയകരമായ പരിസമാപ്തിക്ക് സഹായകമായി പ്രവർത്തിച്ച Mr. Tennison -ന്റെയും Mr. Shaji Kumar -ന്റെയും നേതൃത്വത്തിലുള്ള (PA System & Stage Lighting) നും യോഗത്തോടനുബന്ധിച്ച് കൃതജ്ഞത രേഖപ്പെടുത്തി.

എല്ലാവർക്കും സ്വാദിഷ്ടമായ ഉച്ചഭക്ഷണം ഒരുക്കി വിതരണം ചെയ്ത, Mr.Sathy K. Das -നും CEYF കൂട്ടുകാർക്കും നമ്മുടെ സഭയിലെ കപ്യാർമാർ Office Staff എന്നിവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

റ്റി.ജെ.എം. ഹാളിന്റെ മുൻവശത്തുള്ള മതിലിൽ, ഹാളിന്റെ Front Elevation-ന്റെ മനോഹാരിതയ്ക്ക് മോടി കൂട്ടാൻ ഒരു Vertical Garden ഒരുക്കുകയുണ്ടായി. ഇതിന് നേതൃത്വം നൽകിയ Dr. Arthur Jacob നോടുള്ള നന്ദി അറിയിച്ചു.

ഈ സംരംഭം കോവിഡ് മുതലായ പ്രതിസന്ധികളിലൂടെ കടന്നുപോയെങ്കിലും ഇത്രത്തോളം ഭംഗിയായി പൂർത്തീകരിക്കാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തിന് നന്ദി സമർപ്പിച്ചു.

റവ. ഡി. ജേക്കബ് അച്ചന്റെ സമാപനപ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി യോഗം സമാപിച്ചു.




# T J M HALL
*Rennovated*























Rev. Dr. R. Gnanadas, Vice Chairman, CSI South Kerala Diocese




Dr. P. K. ROSE BIST, Secretary, CSI South Kerala Diocese


Shri. Palayam Rajan, Councilor, Nanthencode Ward















Presenting Memento to Er. Rajeneesh Clement, Architect of Renovated TJM MM Church Hall



Presenting Memento to Mr. Simon Raju, Civil Work Supervisor for TJM MM Chruch Hall Renovation






Dedication
of Renovated
Triple Jubilee Memorial (TJM)
MM Church Hall
by
1st Nov. 2020
SUNDAY
12:00 pm







## Rememberance Day (1-11-2020)





Procession through the Cemetery



## വേർപാടിന്റെ 1-ാം വർഷം

**06-09-2020**



### എൻ കമലം

(റിട്ട. മാനേജർ, കെ. എ. പി. 3-ാം ബറ്റാലിയൻ)
“കാരുണ്യ”, TC 4/2135(1)
NBRA-G-14, മരപ്പാലം, പട്ടം,
തിരുവനന്തപുരം

**ഒരിക്കലും മായാത്ത**
**സ്നേഹസ്മരണകളോടെ,**

ഭർത്താവ്: സത്യൻ (പി. ശശി) (റിട്ട. എൽ. ഐ. സി.)
മക്കൾ : ബിജു സത്യൻ, സജു സത്യൻ
മരുമക്കൾ, ചെറുമക്കൾ

***First Death Anniversary***
***19-12-2020***



# C. Chellan Nadar

**(Executive Engineer KSEB & Ex- Kerala PSC Member)**

***One year has passed since that sad day,***
***When our loving father left us to be with our Lord;***
***God took him home, it was His will;***
***But Within our hearts, he liveth still and always will.***

By Loving Wife : Sobhana Chellan
Children: Dr. Sheeba C.S., Dr. Sheen Peeceeyen C.S. & Dr. Sheejith H. Peeceeyen C.S.
Grand kids - Sanjana, Ashwin Thomas & Abhishek

*In ever loving memory of*



**Sri. SAM D. NELSON & Smt. LOVIES NELSON**

**11-11-1971** **28-03-2010**

**(Rohini Motors)**

*Fondly Remembered By*

***Elizabeth Chellaswamy***

***& Family***

**മെഴുകുതിരിപോൽ എരിഞ്ഞിടിലും**
**നിൻ ഒളികൊണ്ടു ലോകം മനം നിറയ്ക്കും**

"യഹോവ എന്റെ ഇടയനാകുന്നു"– സങ്കീർത്തനം 23:1



# എസ്. വസന്തകുമാരി

(റിട്ട. സീനിയർ സൂപ്രണ്ട് മോട്ടോർ വാഹനവകുപ്പ്)

**ജനനം: 13–10–1949 മരണം :22–10–2020**

**ദുഃഖിതരായ ഭർത്താവ് ഡി. വിൻസന്റ് ജോഫ്രി** (Rtd. SBT)

| **മക്കൾ** | **മരുമക്കൾ** | **ചെറുമക്കൾ** |
| --- | --- | --- |
| വി. ഫെലിക്സ് ജോഫ്രി | വിദ്യസുധ വി. എസ്. | നഥാൻ വി. ഫെലിക്സ് |
| വി. മെർലിൻ ജോഫ്രി | ഡോ. ബിജോയ് എം. എസ്. രാജ് | എബി എം. ബിജോയ് |

*In ever Loving memory of*



# Mrs. Shammi Marina Jesudas

02nd January 1963 - 19th November 2016

*Thank you for blessing our lives*

*Family and Friends*

4th Death Anniversary (07-10-2020)

In ever loving memory of



# A. Davidson

(Rtd. Deputy Director, ESI Corporation)

*We miss your presence every day*

Inserted by Wife: Juliet Davidson,
Children, Grand Children and Great Grand Children

6th Death Anniversary
25-11-2014



# R. SUNDARAM

(Rtd. Senior Instructor Gov. ITI Chakai)

*Ever in our hearts.*

By Loving Wife,
Children & Grand Children.
Thillery Compound, NNRA-98,
Nalanda Junction,
Nanthencode, Tvpm-695003

## FIRST ANNIVERSARY IN HEAVEN

### KAMALA REMANI BAI

02.08.1939 - 11.10.2019 )



For since we believe that Jesus died and rose again, even so God will also bring with him through Jesus those who have fallen asleep in death

1 THESSALONIANS 4:14

Fondly remembered by N P Moris (Husband)
Son - Dr. Jean Morris Daughter - Serene Morris,Premula Morris
Daughter - in - Law - Remya Jean
Grand Children - Jithu P Lal, Regina Roy, Anand Jean

*In Loving Memory of*



# J. Christopher

(Rtd.Addl. Registrar, Dept. of Co-operation)

**Who departed for heavenly abode**
**On 23rd October 2012**

*By*
*Wife: T. Maryamma*
*Sons: Sunil Christopher, Dr. Sajan Christopher*
*Daughters-in-Law: Mini H. R, Dr. Sagila S. G.*
*Grand Children: Miriam, Megha, Riya, Diya*

## 1st Death Anniversary



*In loving memory of*

# V. K. ALBERT

**Canaan, TC 11/917**
**Nanthancode, Nalanda**

***With Gratitude:***

***We remember his Passion for Missions; Resilience, Vision and Values in life, And above all the courage to always seek God's will.***

***Love, Family & Friends***

*In ever loving memory of*



## Er. N. Yohannan & Smt. Chellamma Yohannan

**Called to Eternal Rest on**

**August 5, 2006** **December 31, 2002**

***Surely goodness and love will follow me all the days of my life, and I will dwell in the house of the LORD forever. Psalm 23:6***

**By Children and Grandchildren**

# T.J.M. Hall - The Forgotten History
